**കേരള സർക്കാർ**

**നം.പാ.കാ.വ-എ 2/236/2016-പാ.കാ.വ** **പാർലമെന്ററികാര്യ (എ) വകുപ്പ്**

തിരുവനന്തപുരം

തീയതി : 18.08.2016

**<u>സർക്കുലർ</u>**

വിഷയം : പാ.കാ.വ- പതിനാലാം കേരള നിയമസഭ - നിയമസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗത്തിനെ സർക്കാർ പരിപാടികളിൽ ക്ഷണിക്കുന്നത് -സംബന്ധിച്ച്.

സൂചന : നിയമസഭാ സെക്രട്ടറിയുടെ 03.08.2016 തീയതിയിലെ 2859/ടേബിൾ-1/2016/നി.സെ നം. കത്ത്

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 333 നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് ബഹു ഗവർണർ നിയമസഭാംഗമായി നാമനിർദ്ദേശം ചെയ്തിട്ടുള്ള ശ്രീ. ജോൺ ഫെർണാണ്ടസിനെ എറണാകുളം ജില്ലയിൽ സർക്കാർ സംഘടിപ്പിക്കുന്ന പരിപാടികളിൽ പരിഗണിക്കുന്നതിനായി നടപടി സ്വീകരിക്കണമെന്ന് സൂചനപ്രകാരം നിയമസഭാ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ-യെ എറണാകുളം ജില്ലയിൽ സർക്കാർ സംഘടിപ്പിക്കുന്ന പരിപാടികളിൽ പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുന്നു. എല്ലാ വകുപ്പുകളും അതത് വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

ടി.ഒ. സൂരജ്
സെക്രട്ടറി

To

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
നിയമസഭാ സെക്രട്ടറി (ആമുഖ കത്ത് സഹിതം)

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

92